സൂറഃ-7

# അൽ അഅ്റാഫ്

وَقَطَّعْنَٰهُمْ فِى ٱلْأَرْضِ أُمَمًا ۖ مِّنْهُمُ ٱلصَّٰلِحُونَ وَمِنْهُمْ دُونَ ذَٰلِكَ ۖ
وَبَلَوْنَٰهُم بِٱلْحَسَنَٰتِ وَٱلسَّيِّـَٔاتِ لَعَلَّهُمْ يَرْجِعُونَ ﴿١٦٨﴾

**168.** അവരെ നാം ഛിന്നഭിന്നമാക്കി, പലപല സമുദായങ്ങളായി ഭൂമിയിൽ ചിതറിച്ചു. അവരിൽ ചിലർ സച്ചരിതരായിരുന്നു. ചിലർ മറിച്ചും. നാം അവരെ സുഖദുഃഖങ്ങളാൽ പരീക്ഷിച്ചുകൊണ്ടിരുന്നു. അവർ അധർമത്തിൽനിന്ന് മടങ്ങുന്നതിനുവേണ്ടി.

فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ وَرِثُوا۟ ٱلْكِتَٰبَ يَأْخُذُونَ عَرَضَ هَٰذَا ٱلْأَدْنَىٰ
وَيَقُولُونَ سَيُغْفَرُ لَنَا وَإِن يَأْتِهِمْ عَرَضٌ مِّثْلُهُۥ يَأْخُذُوهُ ۚ أَلَمْ يُؤْخَذْ عَلَيْهِم
مِّيثَٰقُ ٱلْكِتَٰبِ أَن لَّا يَقُولُوا۟ عَلَى ٱللَّهِ إِلَّا ٱلْحَقَّ وَدَرَسُوا۟ مَا فِيهِ ۗ وَٱلدَّارُ
ٱلْءَاخِرَةُ خَيْرٌ لِّلَّذِينَ يَتَّقُونَ ۗ أَفَلَا تَعْقِلُونَ ﴿١٦٩﴾

**169.** ആ പൂർവതലമുറകൾക്കുശേഷം അവരുടെ പ്രതിനിധികളായി ദുഷിച്ച പിന്മുറക്കാർ വന്നു. വേദാവകാശികളായിക്കൊണ്ട് അവർ ഈ ഭൗതികലോകത്തിന്റെ ലാഭങ്ങൾ വാരിക്കൂട്ടുകയും 'നമുക്ക് മാപ്പു ലഭിക്കും' എന്നാശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ അതേ തരത്തിലുള്ള ലാഭങ്ങൾ മുന്നിൽവന്നാൽ അതും അവർ വാരിപ്പുണരുന്നു. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തതൊന്നും പറയുകയില്ലെന്ന് വേദപുസ്തകത്തിലൂടെ അവരിൽനിന്ന് പ്രതിജ്ഞ വാങ്ങിയിട്ടുള്ളതും വേദത്തിലുള്ളതൊക്കെയും അവർ വായിച്ചു പഠിച്ചിട്ടുള്ളതുമല്ലയോ? പരലോക ഭവനം തന്നെയാകുന്നു ദൈവഭക്തന്മാർക്ക് ഏറ്റവും ഉത്തമമായിട്ടുള്ളത്. നിങ്ങൾ ബുദ്ധിപൂർവം ചിന്തിക്കുന്നില്ലയോ?

وَٱلَّذِينَ يُمَسِّكُونَ بِٱلْكِتَٰبِ وَأَقَامُوا۟ ٱلصَّلَوٰةَ إِنَّا لَا نُضِيعُ
أَجْرَ ٱلْمُصْلِحِينَ ﴿١٧٠﴾

**170.** വേദപ്രമാണങ്ങളെ മുറുകെ പിടിക്കുകയും മുറപ്രകാരം നമസ്കാരമനുഷ്ഠിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അത്തരം സജ്ജനങ്ങളുടെ കർമഫലം നാം പാഴാക്കുകയില്ല.

وَقَطَّعْنَٰهُمْ = നാം അവരെ കഷ്ണങ്ങളാക്കി, കണ്ടിച്ചു (ഛിന്നഭിന്നമാക്കി), ചിതറിച്ചു  فِى ٱلْأَرْضِ = ഭൂമിയിൽ

أُمَمًا ۖ = പല പല സമൂഹങ്ങളായി  مِّنْهُمُ = അവരിൽ ഉണ്ട് (ചിലർ)  ٱلصَّٰلِحُونَ = സച്ചരിതർ (ആയിരുന്നു)

وَمِنْهُمْ دُونَ ذَٰلِكَ ۖ = അവരിൽ അതല്ലാത്തവരും ഉണ്ട് (ചിലർ മറിച്ചും)  وَبَلَوْنَٰهُم = നാം അവരെ പരീക്ഷിച്ചു (കൊണ്ടിരുന്നു)

بِٱلْحَسَنَٰتِ وَٱلسَّيِّـَٔاتِ = നന്മകൾ കൊണ്ടും തിന്മകൾകൊണ്ടും (സുഖ ദുഃഖങ്ങളാൽ)

لَعَلَّهُمْ يَرْجِعُونَ = അവർ (അധർമങ്ങളിൽനിന്ന് ധർമത്തിലേക്ക്) മടങ്ങാൻ  فَخَلَفَ = പിന്നെ പ്രതിനിധികളായി (വന്നു)

مِنۢ بَعْدِهِمْ = ആ പൂർവ തലമുറകൾക്കുശേഷം  خَلْفٌ = ദുഷിച്ച പിന്മുറക്കാർ

وَرِثُوا۟ ٱلْكِتَٰبَ = അവർ വേദത്തിന്റെ അനന്തരാവകാശികളായി(കൊണ്ട്)  يَأْخُذُونَ = അവർ എടുക്കുന്ന (വാരിക്കൂട്ടുകയും)

عَرَضَ = വിഭവം, അനുഭവം (ലാഭങ്ങൾ)  هَٰذَا ٱلْأَدْنَىٰ = ഈ (ഭൗതികലോകത്തിന്റെ) അധമമായ

وَيَقُولُونَ = അവർ പറയുകയും (ആശ്വസിക്കുകയും) ചെയ്യുന്നു  سَيُغْفَرُ = പൊറുക്കപ്പെടും (മാപ്പുലഭിക്കും)

لَنَا = നമുക്ക്  وَإِن يَأْتِهِمْ = അവർക്കു(മുന്നിൽ) വന്നാൽ  عَرَضٌ = ലാഭം, അനുഭവം

مِّثْلُهُۥ = അതുപോലുള്ളത് (അതേതരത്തിലുള്ള)  يَأْخُذُوهُ = അത്(ും) അവർ എടുക്കുന്നു (വാരിപ്പുണരുന്നു)

أَلَمْ يُؤْخَذْ عَلَيْهِم = അവരുടെമേൽ എടുക്കപ്പെട്ടിട്ടില്ലയോ (അവരിൽനിന്ന് വാങ്ങിയിട്ടുള്ളതും)

مِّيثَٰقُ ٱلْكِتَٰبِ = വേദ(പുസ്തകത്തിലൂടെ)പ്രതിജ്ഞ  أَن = എന്തെന്നാൽ  لَّا يَقُولُوا۟ = അവർ പറയുകയില്ല (എന്ന്)

عَلَى ٱللَّهِ = അല്ലാഹുവിന്റെ മേൽ (പേരിൽ)  إِلَّا ٱلْحَقَّ = സത്യമല്ലാത്തത് (ഒന്നും)

وَدَرَسُوا۟ = അവർ(വായിച്ചു)പഠിച്ചിട്ടുള്ളതും(അല്ലയോ)  مَا فِيهِ = അതിൽ(വേദത്തിൽ) ഉള്ളത് (ഒക്കെയും)

وَٱلدَّارُ ٱلْـَٔاخِرَةُ = പരലോക ഭവനം(തന്നെ) ആകുന്നു  خَيْرٌ = (ഏറ്റവും) ഉത്തമമായിട്ടുള്ളത്

لِّلَّذِينَ يَتَّقُونَ = സൂക്ഷ്മത പാലിക്കുന്നവർക്ക് (ദൈവഭക്തന്മാർക്ക്)

أَفَلَا تَعْقِلُونَ = നിങ്ങൾ മനസ്സിലാക്കുന്നില്ലേ, ബുദ്ധിപൂർവം ചിന്തിക്കുന്നില്ലേ  وَٱلَّذِينَ يُمَسِّكُونَ = മുറുകെ പിടിക്കുന്നവർ

بِٱلْكِتَٰبِ = വേദത്തെ (പ്രമാണങ്ങളെ)  وَأَقَامُوا۟ = നിലനിർത്തിയവരും (മുറപ്രകാരം അനുഷ്ഠിച്ചവരും ഉണ്ട്)ഉണ്ടല്ലോ

ٱلصَّلَوٰةَ = നമസ്കാരം  إِنَّا لَا نُضِيعُ = തീർച്ചയായും നാം പാഴാക്കുകയില്ല  أَجْرَ = കൂലി, കർമഫലം

ٱلْمُصْلِحِينَ = സംസ്കരിക്കുന്നവരുടെ, സൽക്കർമം ചെയ്യുന്നവരുടെ (സജ്ജനങ്ങളുടെ)

**168,169:** ഈജിപ്തിലും പിന്നീട് ഫലസ്ത്വീനിലും ഒരൊറ്റ ജനതയായി ജീവിച്ചുവന്ന ഇസ്രാഈല്യർ ദൈവധിക്കാരത്തിന്റെയും അനാചാരങ്ങളുടെയും ഫലമായി മറ്റു ജനതകളാൽ കീഴടക്കപ്പെടുകയും പാർപ്പിടങ്ങളിൽനിന്ന് ആട്ടിയോടിക്കപ്പെടുകയും ചെയ്തതിനെ തുടർന്ന് വിവിധ നാടുകളിൽ കൊച്ചു കൊച്ചു സമുദായങ്ങളായി ചിന്നിച്ചിതറിയതാണ് وَقَطَّعْنَٰهُمْ فِى ٱلْأَرْضِ أُمَمًا എന്ന വാചകത്തിലൂടെ സൂചിപ്പിക്കുന്നത്. ഇങ്ങനെ ചിതറിത്തെറിച്ചു വന്ന ഒരു വിഭാഗം ഖുർആൻ അവതരിക്കുന്ന കാലത്ത് മദീനയിലും ഉണ്ടായിരുന്നു.

പല ദേശങ്ങളിൽ രൂപംകൊണ്ട യഹൂദ സമൂഹങ്ങളിൽ ആദ്യകാലത്ത് ദൈവഭയവും ധർമബോധവുമുള്ള കുറേ സജ്ജനങ്ങളുണ്ടായിരുന്നു. ബാക്കിയുള്ളവർ അതല്ലാത്തവർ (دُونَ ذَٰلِكَ) അഥവാ സജ്ജനം എന്ന വിശേഷണമർഹിക്കാത്തവരായിരുന്നു. ദുർബല വിശ്വാസികളും കപടഭക്തന്മാരും കുറ്റവാളികളും തികഞ്ഞ ധിക്കാരികളും നിഷേധികളുമെല്ലാം ഉൾപ്പെട്ടതാണീ ഗണം. അസത്യത്തിലും അധർമത്തിലും വിഹരിക്കുന്ന ജനങ്ങളെ സത്യവിശ്വാസത്തിലേക്കും ഉത്തമ ധർമങ്ങളിലേക്കും തിരിച്ചുകൊണ്ടുവരുന്നതിനു വേണ്ടി അല്ലാഹു സുഖത്തിന്റെയും ദുഃഖത്തിന്റെയും പല പല പരീക്ഷണങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കും. ഇസ്രാഈല്യരെയും അത്തരം പരീക്ഷണങ്ങൾക്കു വിധേയരാക്കിയിരുന്നു. അവരുടെ രാജ്യാധിപത്യവും ദേശനഷ്ടവും പ്രവാസവും പ്രവാസകാലത്ത് നേരിട്ട സുഖദുഃഖങ്ങളുമെല്ലാം അക്കൂട്ടത്തിൽ പെടുന്നു. പക്ഷേ പരീക്ഷണങ്ങളിൽനിന്ന് പാഠമുൾക്കൊള്ളാൻ ഇസ്രാഈല്യർക്ക് പലപ്പോഴും സാധിച്ചില്ല. സുഖങ്ങൾ ലഭിക്കുമ്പോൾ ദൈവത്തിന്റെ സ്വന്തക്കാരും ബന്ധുക്കളും എന്ന മഹത്വവും അതിനിണങ്ങിയ യോഗ്യതകളുമുള്ള തങ്ങൾക്ക് അവൻ ന്യായമായി നൽകിയതാണതെന്നഹങ്കരിച്ചു. ദുഃഖങ്ങളുണ്ടാകുമ്പോൾ അതിന്റെ ഉത്തരവാദിത്വം മറ്റാരുടെയെങ്കിലും തലയിൽ വെച്ചുകെട്ടി. സുഖദുഃഖങ്ങളും സ്വന്തം വിശ്വാസങ്ങളും കർമജീവിതവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാനോ അംഗീകരിക്കാനോ അവർ തയാറായില്ല.

പരീക്ഷണങ്ങളിലൂടെ സ്ഫുടം ചെയ്യപ്പെടുന്നതിനു പകരം ഇസ്രാഈൽ സമൂഹം കൂടുതൽ കളങ്കിതമാവുകയായിരുന്നു. ദുഷ്ടരും ശിഷ്ടരുമുൾപ്പെട്ട പൂർവതലമുറകൾക്കു ശേഷം വന്ന തലമുറകൾ പൂർവികരേക്കാൾ നിഷേധികളും ധർമധ്വംസകരുമായിട്ടാണ് വർത്തിച്ചത്. خَلَفَ എന്ന ക്രിയാപദത്തിന് പ്രതിനിധി/പിൻഗാമി ആയി എന്നാണർഥം. ഇത് خَلَفٌ എന്ന നാമമായി ഉപയോഗിക്കുമ്പോൾ നല്ല പ്രതിനിധികൾ/പിൻഗാമികൾ എന്നർഥമാകുന്നു. خلْف എന്ന് മധ്യാക്ഷരം സുകൂൻ ആയി ഉച്ചരിക്കുമ്പോൾ അധികവും ദുഷിച്ച പിൻഗാമികൾ/ പ്രതിനിധികൾ എന്നർഥമാകുന്നു

ഈ ദുഷിച്ച പിന്മുറക്കാർ നേർക്കുനേരെ ദൈവത്തെ നിഷേധിക്കുകയോ വേദത്തെ തള്ളിപ്പറയുകയോ ചെയ്യുന്നവരായിരുന്നില്ല. തങ്ങളുടെ മഹത്തായ പൈതൃകത്തിന്റെ ഭാഗമായി വേദത്തെ അവർ സ്വീകരിച്ചു. എന്നാൽ അതിലെ പ്രമാണങ്ങൾ അനുസരിക്കാൻ തയാറായില്ല. അതോടൊപ്പം യഥാർഥ വേദവാഹകർക്ക് വേദവചനങ്ങളിൽ പറഞ്ഞ മഹത്വവും വൈശിഷ്ട്യവുമെല്ലാം തങ്ങൾക്കുണ്ടെന്ന് അഹങ്കരിക്കുകയും ചെയ്തു. ഭൗതിക നേട്ടങ്ങളാണ് അവരുടെ ഒരേയൊരു ലക്ഷ്യം. ആ ലക്ഷ്യം പ്രാപിക്കുന്നതിനുള്ള ഉപാധി മാത്രമായിട്ടാണ് വേദത്തെ അവർ കൈകാര്യം ചെയ്തത്. സത്യത്തെയും നീതിയെയും ധർമത്തെയും കുറിച്ചുള്ള വേദശാസനകളെല്ലാം അവഗണിക്കപ്പെട്ടു. ഏത് അന്യായവും അധാർമികവുമായ മാർഗങ്ങളിലൂടെയായാലും ശരി കിട്ടാവുന്ന ലാഭങ്ങളൊക്കെയും വാരിക്കൂട്ടുകയും, ചെയ്തത് തെറ്റാണെങ്കിലും തങ്ങൾ വിശിഷ്ട ജനവും അല്ലാഹുവിന്റെ ഇഷ്ടക്കാരുമായതിനാൽ എല്ലാം പൊറുക്കപ്പെടുമെന്നാശ്വസിക്കുകയുമായിരുന്നു അവരുടെ രീതി. തെറ്റായിപ്പോയി എന്നു പറയുന്നതിലും ദൈവം പൊറുത്തുതരുമെന്ന് പ്രതീക്ഷിക്കുന്നതിലും ആത്മാർഥതയുണ്ടെങ്കിൽ പിന്നീട് അത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. ഇസ്രാഈല്യർ പക്ഷേ, തങ്ങൾ തെറ്റെന്ന് സമ്മതിച്ച അക്രമങ്ങളും ധർമങ്ങളും അവിഹിത ലാഭങ്ങളും അവസരം കിട്ടിയാൽ പിന്നെയും നിസ്സങ്കോചം ആവർത്തിക്കുന്നു. ഖുർആൻ അവതരിച്ച കാലത്തെന്നപോലെ ഇക്കാലത്തും ഇതുതന്നെയാണ് യഹൂദരുടെ അവസ്ഥ.

മൂലത്തിലെ عَرَضٌ എന്ന പദം വസ്തുക്കളുടെ നിറം, മണം, വ്യാപ്തി തുടങ്ങിയ ഗുണങ്ങളെ കുറിക്കുന്നതാണ്. വീതി എന്ന അർഥത്തിലും സ്ഥായിയായ നിലനിൽപില്ലാത്തതും മറ്റൊന്നിനെ ആശ്രയിച്ച് ഉളവാകുകയും ഇല്ലാതാവുകയും ചെയ്യുന്നതുമായ ഗുണങ്ങൾ എന്ന അർഥത്തിലും ഈ പദം ഉപയോഗിക്കുന്നു. ഒടുവിൽ പറഞ്ഞ അർഥമാണ് ഈ സന്ദർഭത്തിൽ പ്രസക്തം. أدنى-ക്ക് ഏറ്റം അടുത്തത് എന്നും ഏറ്റം അധമമായത് എന്നും അർഥമുണ്ട്. രണ്ടർഥവും ഈ സന്ദർഭത്തിൽ സാധുവാകും. ആദ്യത്തെ അർഥത്തിലെടുക്കുമ്പോൾ ഉടനെ ലഭ്യമാകുന്നത് -عاجل- എന്നാണാശയം. ഉടനടി

ലഭിക്കുന്ന ഭൗതികനേട്ടം ക്ഷണികവും ക്ഷുദ്രവുമാണ്.

مِّيثَـٰقُ ٱلۡكِتَـٰبِ-ന്റെ അർഥം വേദത്തിന്റെ ഉടമ്പടി എന്നാണ്. അല്ലാഹു ഇസ്രാഈല്യരിൽനിന്ന് വാങ്ങിയിട്ടുള്ളതും തൗറാത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ പ്രതിജ്ഞയാവാം ഇതുകൊണ്ടുദ്ദേശ്യം. വേദപ്രമാണങ്ങൾ അനുസരിച്ചുകൊള്ളാമെന്ന് അവർ സീനാ താഴ്‌വരയിൽ വെച്ച് അല്ലാഹുവിനോട് കരാർ ചെയ്തിട്ടുണ്ട്. ആ നിലക്ക് വേദത്തിലെ ഓരോ ശാസനയും അല്ലാഹു അവരിൽനിന്ന് എടുത്തിട്ടുള്ള പ്രതിജ്ഞയാണ്. വേദം സ്വയം ഒരു ഉടമ്പടി പത്രമാണ് എന്ന അർഥത്തിലുമാവാം مِّيثَـٰقُ ٱلۡكِتَـٰبِ എന്ന പ്രയോഗം. ദൈവികവും ധാർമികവുമായ കാര്യങ്ങളിൽ അല്ലാഹു പറഞ്ഞതിനപ്പുറം പറയാതെയും അവൻ കൽപിച്ചതിനപ്പുറം പ്രവർത്തിക്കാതെയുമിരിക്കുകയാണ് വേദപ്രതിജ്ഞയുടെ കാതൽ.

ദൈവം കൽപിച്ച സത്യവും ധർമവും നീതിയും പാലിക്കുന്നവർ ആദരണീയരായ സജ്ജനം. അതിനെതിരായി ചരിക്കുന്നവർ നികൃഷ്ടരായ ദുർജനം. സജ്ജനത്തിന് സ്വർഗം, ദുർജനത്തിന് നരകം. ഇപ്പറഞ്ഞ മൂല്യങ്ങളെല്ലാം സകലമാന മനുഷ്യർക്കും തുല്യമാണ്. ഒരു കൂട്ടർക്ക് ധർമമായത് മറ്റൊരു കൂട്ടർക്ക് അധർമമാകുന്നില്ല. ഒരു കൂട്ടരുടെ സത്യം മറ്റൊരു കൂട്ടരുടെ അസത്യവുമാകില്ല. വംശത്തിന്റെയും വർഗത്തിന്റെയും അടിസ്ഥാനത്തിൽ ആരും ദൈവത്തിന്റെ ശത്രുക്കളോ മിത്രങ്ങളോ സ്വന്തക്കാരോ അന്യരോ ആകുന്നില്ല. എല്ലാവരും അവന്റെ സൃഷ്ടികളാണ്. സൃഷ്ടികളിൽ തന്നെ കൂടുതൽ സ്നേഹിക്കുകയും തന്റെ ശാസനകൾ ജാഗ്രതയോടെ പാലിക്കുകയും ചെയ്യുന്നവർ തനിക്കേറെ പ്രിയപ്പെട്ടവരാകുന്നു. അവരാണ് പരലോകത്ത് രക്ഷിക്കപ്പെട്ട സ്വർഗാവകാശികൾ. അല്ലാത്തവർ നരകാവകാശികളും. ഇതാണ് വേദം വിശദീകരിച്ചുതരുന്ന തത്ത്വങ്ങൾ. അതൊക്കെ വായിച്ച് പഠിക്കുകയും അല്ലാഹു കൽപിച്ചതിനപ്പുറമൊന്നും അവന്റെ പേരിൽ ആരോപിക്കുകയില്ലെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തവർക്ക് എങ്ങനെയാണ് ഇസ്രാഈലിന്റെ സന്തതികളായതിനാൽ തങ്ങൾ എന്തു പാപം ചെയ്താലും ദൈവം അതൊക്കെ മാപ്പാക്കി ഞങ്ങളെ സ്വർഗത്തിലേക്കയക്കുമെന്നും ഇസ്രാഈൽ മക്കളല്ലാത്തവരെ മർദിക്കാനും ചൂഷണം ചെയ്യാനും വഞ്ചിക്കാനുമെല്ലാം തങ്ങൾക്ക് അവകാശമുണ്ടെന്നും ഏതു പരിതഃസ്ഥിതിയിലും തങ്ങളാണ് ലോകത്തിന്റെ സർവാധിപത്യത്തിനും സകലവിധ ഭൗതിക സൗഭാഗ്യങ്ങൾക്കും ഉടയവർ എന്നുമൊക്കെ വാദിക്കാൻ കഴിയുന്നത്? ഇതാണ് أَلَمۡ يُؤۡخَذۡ عَلَيۡهِم ....... مَا فِيهِۗ എന്ന വാക്യത്തിന്റെ താൽപര്യം.

سَيُغۡفَرُ لَنَا (നമുക്ക് മാപ്പു ലഭിക്കും) എന്ന പരാമർശം ക്രൈസ്തവരെക്കുറിച്ചാണെന്നും ഒരഭിപ്രായമുണ്ട്. യേശുവിന്റെ കുരിശുമരണത്തിലൂടെ മറ്റുള്ളവരുടെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസത്തെയാണീ വാക്ക് സൂചിപ്പിക്കുന്നതെന്നാണ് ന്യായം. എന്നാൽ മുൻ സൂക്തങ്ങളിൽ ചർച്ച ചെയ്യപ്പെട്ടതും ഈ വാക്യത്തിനു ശേഷം ചർച്ച ചെയ്യുന്നതും ഇസ്രാഈല്യരുടെ സ്വഭാവങ്ങളാണ്. അതിനാൽ ഈ വാക്യവും അവരെക്കുറിച്ചുതന്നെയാണെന്ന് കരുതുന്നതാണ് യുക്തം.

യഥാർഥ ദൈവഭക്തരെ സംബന്ധിച്ചേടത്തോളം ഈ ലോകത്തെ ക്ഷണികവും ക്ഷുദ്രവും അധമവുമായ വിഭവങ്ങളേക്കാൾ വിശിഷ്ടവും മുഖ്യവുമായത് ശാശ്വതമായ പരലോക വിഭവങ്ങളാണ്. ഇഹലോകത്തേക്കാൾ അവർക്ക് പ്രധാനം പരലോകമാണ്. അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞും വേദശാസനകളെ അവഗണിച്ചും ഭൗതികലോകത്തിന്റെ ചപ്പുചവറുകൾ വാരിക്കൂട്ടാൻ ശ്രമിക്കുന്നവർ യഥാർഥ ദൈവഭക്തരല്ല, അവരുടെ നേട്ടങ്ങൾ യഥാർഥ ദൈവഭക്തരെ ആകർഷിക്കേണ്ടതില്ല എന്ന ധ്വനിയും ഈ വാക്യത്തിലുണ്ട്.

'പരലോകഭവനം ദൈവഭക്തന്മാർക്ക് മാത്രം ഉത്തമമായതാകുന്നു' എന്നും وَٱلدَّارُ ٱلۡأٓخِرَةُ خَيۡرٞ لِّلَّذِينَ يَتَّقُونَۗ എന്ന വാക്യം തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ആശയം ഇതാണ്: ഇസ്രാഈല്യരായതുകൊണ്ട് പരലോകത്ത് മാപ്പും ദൈവകാരുണ്യവും ലഭിക്കുമെന്ന മോഹം മിഥ്യയുമാകുന്നു. വംശത്തിന്റെയോ വർഗത്തിന്റെയോ അടിസ്ഥാനത്തിലല്ല; തഖ്‌വ-ദൈവഭക്തി-യുടെ അടിസ്ഥാനത്തിൽ മാത്രമാണ് പരലോകത്ത് അനുഗ്രഹങ്ങളും സൗഭാഗ്യങ്ങളും ലഭിക്കുക. സാമാന്യബുദ്ധി കൊണ്ടാലോചിച്ചാൽ പോലും മനസ്സിലാക്കാവുന്ന യാഥാർഥ്യമാണിതെന്നാണ് أَفَلَا تَعۡقِلُونَ (നിങ്ങൾ ബുദ്ധിപൂർവം ചിന്തിക്കുന്നില്ലയോ) എന്ന വാക്യത്തിന്റെ താൽപര്യം.

ഈ സൂക്തം പരാമർശിക്കുന്ന ദൂഷ്യങ്ങൾ ഇന്ന് മുസ്‌ലിം സമുദായത്തെയും കാർന്നുതിന്നുന്നുണ്ട്. ഭൗതിക വിഭവങ്ങളിലും സ്ഥാനമാനങ്ങളിലും ആർത്തിപൂണ്ടവർ സമുദായത്തിലെ നേതാക്കളിലും പണ്ഡിതന്മാരിലും വർധിച്ചുവരികയാണ്. സാധാരണക്കാരിൽ നല്ലൊരു വിഭാഗം, കർമമെന്തായാലും അധരമാത്രമായ തൗബ കൊണ്ടും പുണ്യാത്മാക്കളുടെ ശിപാർശകൊണ്ടും പരലോകത്ത് സകലവിധ ശിക്ഷകളിൽനിന്നും രക്ഷപ്പെടാമെന്ന വ്യാമോഹത്തിൽ അഭിരമിക്കുന്നു. യഹൂദരെപ്പോലെ, അന്യസമുദായങ്ങളോട് അനീതി ചെയ്യുന്നതിൽ തെറ്റില്ല എന്നു കരുതുന്നവർ പോലും മുസ്‌ലിം സമുദായത്തിലുണ്ട്. ചാണിനു ചാണായും മുഴത്തിനു മുഴമായും മുസ്‌ലിംകൾ വേദക്കാരെ പിന്തുടരുമെന്ന മുഹമ്മദീയ പ്രവചനം പുലർന്നുകൊണ്ടിരിക്കുകയാണ്. لَّيۡسَ بِأَمَانِيِّكُمۡ وَلَآ أَمَانِيِّ أَهۡلِ ٱلۡكِتَـٰبِۗ مَن يَعۡمَلۡ سُوٓءٗا يُجۡزَ بِهِۦ (കാര്യം നിങ്ങളുടെ വ്യാമോഹപ്രകാരമല്ല; വേദക്കാരുടെ വ്യാമോഹപ്രകാരവുമല്ല. തിന്മ ചെയ്യുന്നതാരായാലും അതിന്റെ പ്രതിഫലം ലഭിക്കുകതന്നെ ചെയ്യും-*അന്നിസാഅ്* 123) എന്ന ദൈവികവചനം എല്ലാവരും സൗകര്യപൂർവം വിസ്മരിക്കുന്നു.

**170:** وَٱلَّـذِينَ يُمَسِّـكُونَ بِـٱلۡكِتَـٰبِ (വേദം മുറുകെപ്പിടിക്കുന്നവർ) എന്നതുകൊണ്ടുദ്ദേശ്യം വേദത്തിൽ ദൃഢമായി വിശ്വസിക്കുകയും അതിന്റെ ധർമോപദേശങ്ങൾ കണിശമായി പാലിക്കുകയും ചെയ്യുന്നവരാണ്. സംസ്കരിച്ചു, കുറവുകൾ തീർത്തു, നല്ലതാക്കി എന്ന അർഥത്തിലുള്ള أصلح-യുടെ ബഹുവചന കർതൃപദമാണ് مُّصۡلِحِينَ. സംസ്കരണപ്രവർത്തനം നടത്തുന്നവർ, നല്ല കാര്യങ്ങൾ ചെയ്യുന്നവർ എന്നർഥം. വചനതാൽപര്യമിതാണ്: വേദത്തിന്റെ അവകാശികളെന്നഹങ്കരിച്ചുകൊണ്ട് വേദവിരുദ്ധമായ അധർമങ്ങളാചരിക്കുന്നവരല്ല അല്ലാഹുവിന്റെ കാരുണ്യത്തിനും സംരക്ഷണത്തിനും അർഹരായിട്ടുള്ളവർ; പ്രത്യുത വേദത്തിൽ ദൃഢമായി വിശ്വസിക്കുകയും അതിന്റെ ധർമശാസനകൾ ജാഗ്രതയോടെ പാലിക്കുകയും മുറപ്രകാരം നമസ്കരിക്കുകയും ചെയ്യുന്നവരാണ്. അവരാണ് നന്മകൾ ചെയ്യുന്നവരും സമൂഹത്തെ അധർമങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സംസ്കരിക്കുന്നവരും. അതിനാൽ അവർക്കുള്ള മഹത്തായ കർമഫലം അല്ലാഹു ഒരിക്കലും പാഴാക്കിക്കളയുകയില്ല.

മുഹമ്മദ് നബി(സ) തൗറാത്ത് പ്രവചിച്ച പ്രവാചകനാണ് എന്ന സത്യം അംഗീകരിച്ച് അദ്ദേഹത്തെ പിന്തുടർന്ന ഇസ്രാഈല്യരെയാണ് ഈ സൂക്തം പ്രഥമമായി സൂചിപ്പിക്കുന്നത്. ഇതിൽ *ഇഖാമത്തുസ്സ്വലാത്ത്* പരാമർശിക്കപ്പെട്ടിരിക്കുന്നതിനാൽ മുസ്‌ലിംകളെയാണ് സൂചിപ്പിക്കുന്നതെന്നു വേറെ ചിലർ പറയുന്നു. എന്നാൽ സൂക്തത്തിന്റെ ഉള്ളടക്കം ഒരു പൊതുതത്ത്വമാണ്. സ്വയം നന്നാവുകയും സമൂഹത്തെ നന്നാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും നഷ്ടപ്പെടാനിടയില്ലാത്ത കർമഫലമുണ്ട്. തങ്ങൾക്കിഷ്ടമുള്ളത് പ്രചരിപ്പിക്കുകയും ഇഷ്ടമില്ലാത്തത് തടയുകയും ചെയ്യുന്നവരല്ല യഥാർഥ സംസ്കർത്താക്കൾ. മറിച്ച് അല്ലാഹു അവതരിപ്പിച്ച വേദപ്രമാണങ്ങളെ ദൃഢമായി വിശ്വസിക്കുകയും അനുസരിക്കുകയും മുറപ്രകാരം നമസ്കരിക്കുകയും ചെയ്യുന്നവരാണ്. ■